CULTURAL STUDIES

# നാടകവും രാഷ്ട്രീയവും
# കേരളീയ സാമൂഹ്യ-രാഷ്ട്രീയ നവോത്ഥാന പ്രക്രിയയിൽ നാടകങ്ങൾ വഹിച്ച പങ്ക് - ഒരന്വേഷണം

**ഡോ. സഞ്ജയകുമാർ എസ്.**
അസോസിയേറ്റ് പ്രൊഫസർ
മലയാളവിഭാഗം
ഗവ. ആട്സ് ആൻറ് സയൻസ് കോളേജ്,
നിലമ്പൂർ
E-mail: maraku.sanju@gmail.com

**സംഗ്രഹം**

കേരള സമൂഹ പരിവർത്തനത്തിൽ മലയാള നാടകങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. സമൂഹത്തിൽ നിലനിന്ന അസമത്വങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ശക്തമായ പോരാട്ടങ്ങൾ നയിച്ച പരിഷ്കർത്താക്കളായിരുന്നു. നാടക കർത്താക്കൾ സാമുദായിക നാടകങ്ങൾ മുതൽ സോദ്ദേശ്യ രാഷ്ട്രീയ പ്രചരണ നാടകങ്ങൾ വരെ ഇക്കൂട്ടത്തിലുണ്ട്. കെ. ദാമോദരന്റെ പാട്ടബാക്കി, ചെറുകാടിന്റെ നമ്മളൊന്ന്, ഇടശ്ശേരിയുടെ കൂട്ടുകൃഷി, തോപ്പിൽ ഭാസിയുടെ നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി, ഇ. കെ അയമുവിന്റെ ജ്ജ് നല്ല മനസ്സാവാൻ നോക്ക് എന്നീ നാടകങ്ങളെ ഇവിടെ ചർച്ച ചെയ്യുന്നു. കേരളീയ നവോത്ഥാനത്തിലും കർഷക രാഷ്ട്രീയ പ്രക്ഷോഭങ്ങൾക്കും നട്ടുനായകത്വം വഹിച്ച ഈ നാടകങ്ങൾ അക്കാലത്തെ സാമൂഹ്യ-രാഷ്ട്രീയത്തിന്റെ നേർക്കണ്ണാടികളാണ്.

**താക്കോൽവാക്കുകൾ:** നവോത്ഥാനം, മാനവികത, പ്രതിബദ്ധത, സോദ്ദേശ്യം പരിവർത്തനം, അവതരണം

കേരളീയ നവോത്ഥാനം ഏകമുഖമായ ഒരു മാറ്റമല്ല, അത് പല തലങ്ങളിൽ സംഭവിച്ച ഒരു വിമോചനം തന്നെയായിരുന്നു. കേരളീയ സമൂഹനിർമ്മിതിയിൽ ശ്രീനാരായണ ദർശനങ്ങളും അവ മനുഷ്യനെക്കുറിച്ച് മുന്നോട്ടുവച്ച കാഴ്ചപ്പാടുകളും ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. ഇത് ഒരു സാമുദായിക വിപ്ലവത്തിന് വഴിയൊരുക്കി. മതം, ജാതി എന്നിവയ്ക്കപ്പുറംനിന്ന് മനുഷ്യനെ കാണുന്നതിന് നവോത്ഥാനമൂല്യങ്ങളായ മാനവികത, ജനാധിപത്യം, മതനിരപേക്ഷത, യുക്തിവാദം, സോഷ്യലിസം എന്നിവ സഹായിച്ചു. എല്ലാ സമുദായങ്ങളിലും വിപ്ലവകരമായ

പരിഷ്കരണങ്ങൾ നടന്നു. സാഹിത്യവും കലകളും ഈ പരിഷ്കരണത്തിനുള്ള ഉപകരണങ്ങളായി സമൂഹ പരിഷ്കർത്താക്കൾ കണ്ടു. "സാംസ്കാരികമായി മനുഷ്യനെ സ്വാധീനിക്കുവാനുള്ള കഴിവ് സാഹിത്യത്തിന് എല്ലാക്കാലത്തുമുള്ളതാണ്. ഈ കഴിവിനെ മനുഷ്യജീവിത നവീകരണത്തിനു വേണ്ടി ആധുനിക കാലഘട്ടത്തിൽ ബോധപൂർവം ഉപയോഗപ്പെടുത്തിയതിൽ നിന്നാണ് പുരോഗമന സാഹിത്യം ആവിർഭവിച്ചത്. അതിനാൽ പുരോഗമന സാഹിത്യത്തിന്റെ മുഖ്യലക്ഷണം സാമൂഹ്യ പ്രതിബദ്ധതയാണ്."[1]

നാടകത്തെ ഏറ്റവും ശക്തമായ മാധ്യമമായി ആ കാലത്തെ പ്രതിബദ്ധരായ എഴുത്തുകാർ കണ്ടു. പത്ര-മാസികകളുടെ വളർച്ച സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് ആക്കം വർദ്ധിപ്പിച്ചു. "1930 മുതൽ 40 വരെയുള്ള നമ്മുടെ നാടക സാഹിത്യത്തിൽ ഉണ്ടായി വന്ന രണ്ടു പ്രവണതകളെപ്പറ്റിക്കൂടി ഇവിടെ പ്രത്യേകമായി പരാമർശിക്കേണ്ടതുണ്ട്. നാടകം ഗൗരവപൂർവം കൈകാര്യം ചെയ്യേണ്ട ഒരു ശാഖയാണെന്ന് അപൂർവം കുറച്ചു പേർക്കെങ്കിലും തോന്നിത്തുടങ്ങിയ കാലഘട്ടമാണിത്. അന്യ സാഹിത്യ സമ്പർക്കം അവരെ അതിന് ഏറെ സഹായിച്ചിരിക്കാം, അതൊന്ന്. അതുപോലെ സാമൂഹികമായ അനാചാരങ്ങൾക്കെതിരെ ആരംഭം കുറിച്ച തീവ്ര വിപ്ലവ പരിശ്രമങ്ങൾക്ക് നാടകത്തെ ഒരു ഉപാധിയാക്കാമെന്ന് പ്രയോഗവശാൽത്തന്നെ അറിയുവാൻ കേരളത്തിനു സാധിച്ചതും ഈ കാലഘട്ടത്തിലത്രെ."[2]

1930-40 കാലഘട്ടം മലയാള നാടക ചരിത്രത്തിലെ സുപ്രധാന ഘട്ടമാണ് പഴകിദ്രവിച്ച സാമൂഹ്യാചാരങ്ങൾക്ക് നേരെ ആഞ്ഞടിയ്ക്കാനും അവയെ പിഴുതെറിയാനും നാടകത്തെ ആയുധമാക്കി. നമ്പൂതിരി സമുദായത്തിലെ ഇഴുകിപ്പിടിച്ച അനാചാരങ്ങളെ രൂക്ഷമായി വിമർശിച്ചുകൊണ്ടുള്ള മൂന്നു നാടകങ്ങൾ ആ കാലത്തുണ്ടായി. ഇവയെ സോദ്ദേശ്യ നാടകങ്ങളെന്നു പറയാം. നമ്പൂതിരിയെ മനുഷ്യനാക്കുന്നതിനുള്ള യത്നങ്ങളായിരുന്നു. വി. ടി ഭട്ടതിരിപ്പാടിന്റെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്കും എം. ആർ. ബിയുടെ മറക്കുടയ്ക്കുള്ളിലെ മഹാനരകവും എം. പി ഭട്ടതിരിപ്പാടിന്റെ ഋതുമതിയും അന്ന് നമ്പൂതിരി സ്ത്രീകൾ ആ സമുദായത്തിൽ നേരിട്ടുകൊണ്ടിരുന്ന കടുത്ത അസ്വാതന്ത്ര്യത്തിനും അസമത്വത്തിനെതിരെയുള്ള ശക്തമായ പ്രതിഷേധങ്ങളായിരുന്നു. യാഥാസ്ഥിതികത്വത്തിന്റെ കോട്ടയ്ക്കുള്ളിൽ പൊട്ടിത്തെറി ഉണ്ടാക്കിയ ആറ്റംബോംബാണ് ഈ നാടകമെന്നാണ് കെ. കേളപ്പൻ പറഞ്ഞത്. "ഗ്രാമ്യഭാഷയുടെ കുറിക്കു കൊള്ളുന്ന പ്രയോഗം കൊണ്ടും അനേകം ഭാവതലങ്ങളെ നാടകീയ സൂക്ഷ്മതയോടെ സന്നിവേശം ചെയ്യുന്നതുകൊണ്ടും സാമൂഹികരേഖ എന്നതുപോലെ ഒരു പുതിയ സൗന്ദര്യശാസ്ത്രത്തിന്റെ അടിസ്ഥാനം എന്ന നിലയിലും അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് ഗൗരവപൂർണമായ പുനർവായന ആവശ്യപ്പെടുന്നു"[3] എന്ന് മുഖക്കുറിയിൽ ഡോ. കെ അയ്യപ്പപ്പണിക്കർ അഭിപ്രായപ്പെടുന്നു." സ്ത്രീകളെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് മോചിപ്പിക്കുന്നതിലൂടെ മാത്രമേ സമുദായപരിഷ്കരണത്തിന് പൂർണത കൈവരൂ എന്ന ബോധ്യത്തിന്റെ ചരിത്ര സാക്ഷ്യങ്ങളാണ് ഈ നാടകങ്ങൾ.

തങ്ങളുടെ നാടകങ്ങൾ സമുദായത്തിലെ പുതുതലമുറ പെൺകുട്ടികൾക്ക് സമർപ്പിച്ചുകൊണ്ടാണ് ഇവർ എഴുതിയിട്ടുള്ളത്. തങ്ങൾക്ക് നിത്യപരിചയമായ, ശ്വാസംമുട്ടിക്കുന്ന നമ്പൂതിരി സമുദായത്തിലെ നിഷിദ്ധങ്ങളായ ആചാരമര്യാദകളും മനുഷ്യത്വഹീനമായ അന്തഃപുര ജീവിതവും സമൂലപരിവർത്തന വിധേയമാക്കുന്നതിനുള്ള വിപ്ലവാഖ്യാനമാണ് ഈ കൃതികളിൽ പ്രകമ്പനം കൊള്ളുന്നത്. "നമ്പൂതിരി സമുദായത്തിന്റെയെന്നല്ല, മനുഷ്യസമൂഹത്തിന്റെ തന്നെ ആണിക്കല്ലായ സ്ത്രീയുടെ അടിമത്തവും അസ്വാതന്ത്ര്യവും പുതിയൊരു സമൂഹരചനയെ


ISSN: 2582 - 2594

സ്വപ്നം കാണാനുള്ള ധൈര്യംപോലും കെടുത്തിക്കളയുന്നു. അക്കാരണത്താലാവും വി.ടിയുടെയും എം.ആർ - ബിയുടേയും പ്രേംജി യുടെയും നാടകങ്ങളിൽ സ്ത്രീ സ്വാതന്ത്ര്യം അടിസ്ഥാനപ്രശ്നമായി സ്വീകരിച്ചിട്ടുള്ളത് "[4]. ഇത്തരത്തിൽ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഉള്ളടക്കത്തിലെ മുഖ്യവിഷയമായ സ്ത്രീ സ്വാതന്ത്ര്യവും സ്ത്രീവിദ്യാഭ്യാസവും ആചാരലംഘനങ്ങളുമൊക്കെ വിഷയമാക്കിയ ഈ നാടകങ്ങൾ സാമൂഹ്യവിപ്ലവത്തിന്റെ പുതിയ യുഗത്തിനു തുടക്കം കുറിക്കുകയായിരുന്നു.

വി.ടിയും കൂട്ടരും തങ്ങളുടെ നാടകങ്ങളിലൂടെ ശരവ്യമാക്കിയത് സാമുദായികമായ വൈകൃതങ്ങളെയായിരുന്നുവെങ്കിൽ കെ. ദാമോദരന്റെ പാട്ടബാക്കി ആർത്ഥികാസമത്വത്തിനു നേരെയാണ് വിരൽചൂണ്ടിയത്. 1937-ൽ പൊന്നാനിയിൽ ചേർന്ന കർഷക സമ്മേളനത്തിൽ അവതരിപ്പിക്കാൻ വേണ്ടിയാണ് ദാമോദരൻ ഈ നാടകമെഴുതിയത്. വൈലത്തൂർ വച്ചു നടന്ന സമ്മേളനത്തിൽ തങ്ങൾ പ്രചരിപ്പിക്കുന്ന ആശയങ്ങൾ ദൃശ്യരൂപത്തിൽ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കാനുള്ള കർഷകസംഘം പ്രവർത്തകരുടെ ആഗ്രഹം കെ. ദാമോദരനിലൂടെ സാക്ഷാത്ക്കരിക്കപ്പെടുകയാണുണ്ടായത്. കൂട്ടായ ചർച്ചയിലൂടെയാണ് ഈ നാടകം രൂപം കൊണ്ടത്.

ഓരോ പ്രാവശ്യം കളികഴിഞ്ഞ് പുതിയ പുതിയ പരീക്ഷണങ്ങളുണ്ടായി. എന്നും അങ്ങനെ കളിച്ച് കളിച്ച് നാടകം തന്റേതല്ലാതായി തീർന്നു എന്ന് നാടകകൃത്ത് തന്നെ പറഞ്ഞിട്ടുണ്ട്. "കഥാഘടനയുടെ ലാളിത്യവും ഉള്ളടക്കത്തിന്റെ സത്യാവസ്ഥയും പാട്ടബാക്കിയെ മലയാളത്തിന്റെ ഏറ്റവും വിജയകരമായ രാഷ്ട്രീയ നാടകമാക്കിത്തീർക്കുന്നു. മലബാറിലെ കർഷക പ്രസ്ഥാനത്തിൽ നിന്നും ഉടലെടുത്ത ഒരു കലാസൃഷ്ടിയാണ് പാട്ടബാക്കി പ്രചാരണമെന്ന നിലയ്ക്ക്, ഏറ്റവും വിജയകരമായ മലയാള രാഷ്ട്രീയ നാടകമെന്നു ചോദിച്ചാൽ പാട്ടബാക്കി എന്ന് ഞാൻ ഉച്ചത്തിൽ വിളിച്ചു പറയും"[5] എന്ന സി. ജെ തോമസിന്റെ പ്രസ്താവന ഈ നാടകം രാഷ്ട്രീയമായി അക്കാലത്ത് എത്രമാത്രം പ്രസക്തമാണ് എന്ന് ചൂണ്ടിക്കാണിക്കുന്നു.

"കുഞ്ഞിമാളു, ദാരിദ്ര്യമാണ് മനുഷ്യനെക്കൊണ്ട് മോഷണം നടത്തിക്കുന്നത്. മോഷണവും വ്യഭിചാരവും ഇല്ലാതാവണമെങ്കിൽ ദാരിദ്ര്യം നശിക്കണം. ദാരിദ്ര്യം നശിക്കണമെങ്കിലോ ഇന്നത്തെ ഭരണ സമ്പ്രദായം മാറണം." നാടകാവസാനത്തിൽ പ്രധാന കഥാപാത്രമായ കിട്ടുണ്ണി സഹോദരിയോട് പറയുന്ന ഈ വാക്കുകളാണ് നാടകത്തിന്റെ കാതൽ. "സംഘർഷത്തിന്റെ കലയായ നാടകത്തിൽ വർഗ സംഘർഷത്തിന്റെ പ്രമേയവും പാകമാകുമെന്നുള്ളതിന്റെ മലയാളത്തിലെ പ്രഥമ മാതൃകയാണ് പാട്ടബാക്കി."[6]

സാമൂഹ്യാസമത്വത്തിന്റെ അതിരിനപ്പുറം മൂലകാരണമായ സാമ്പത്തികാസമത്വത്തെ ചൂണ്ടിക്കാട്ടുകയാണ് പാട്ടബാക്കിയിൽ ദാമോദരൻ ചെയ്തിരിക്കുന്നത്. പില്ക്കാലത്ത് മലയാളത്തിലുണ്ടായ രാഷ്ട്രീയ നാടകങ്ങളുടെ ചിട്ടയിലും ക്രമത്തിലും നിന്ന് അത്യന്തം വിഭിന്നമായി നിൽക്കുന്ന ഒരു നാടകമാണ് പാട്ടബാക്കി. "രാഷ്ട്രീയനാടകമെന്ന് ചരിത്രകാരന്മാർ പലരും അതിനെ വിശേഷിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും സാമൂഹ്യ സംവിധാന ക്രമത്തിന്റെ വൈകൃതത്തെപ്പറ്റി ഉദ്ഘോഷണം നടത്തുന്നതിന് പകരം നാടകത്തിന്റെ അന്ത്യത്തിൽ പ്രധാന കഥാപാത്രങ്ങളെക്കൊണ്ടെത്തിച്ചിരിക്കുന്ന മുഹൂർത്തവും അത്തരം ഒരു സന്ദർഭത്തെ അഭിമുഖീകരിക്കേണ്ടി വരുന്ന സഹോദരീസഹോദരന്മാരുടെ ചിത്തവൃത്തിയും നാടകത്തെ നാടകമാക്കി നിലനിർത്തുന്നതിന് വളരെയേറെ സഹായിച്ചിരിക്കുന്നു"[7] എന്ന് മലയാള നാടക സാഹിത്യ ചരിത്രത്തിൽ ജി ശങ്കരപ്പിള്ള പാട്ടബാക്കിയെ വിലയിരുത്തുന്നു. കേരളത്തിലെ

പുരോഗമന സാഹിത്യ ചരിത്രത്തിലെ പ്രതിബദ്ധവും സോദ്ദേശ്യവുമായ രചനയെന്ന നിലയിലും ഈ നാടകം ശ്രദ്ധേയമായി. സാഹിത്യകാരന്റെ വർഗ്ഗപരമായ നിലപാടുകൾകൊണ്ടും ചരിത്രപരമായ ഭൗതിവാദപരമായ കാഴ്ചപ്പാടുകൊണ്ടും ഈ നാടകം വേറിട്ടു നില്ക്കുന്നു. ഇക്കാലം കേരളീയരിൽ ഇടതുപക്ഷാഭിമുഖ്യം തളിരിട്ട കാലം കൂടിയായിരുന്നു. "കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ വ്യാപനത്തിനു നാടകവും നാടകത്തിന്റെ സ്വീകാര്യതയ്ക്ക് പാർട്ടിയും കാര്യമായ പങ്കുവഹിച്ചുവെന്നത് വിസ്മരിക്കാവുന്നതല്ല."[8]

ഇടശ്ശേരിയുടെ കൂട്ടുകൃഷി (1949) സാമൂഹ്യപരിവർത്തനത്തിന്റെ അനിവാര്യത ഉയർത്തിപ്പിടിക്കുന്ന ശ്രദ്ധേയമായൊരു നാടകമാണ്. നവോത്ഥാന സംരംഭങ്ങളും കർഷക സമരങ്ങളും ഉഴുതുമറിച്ച കേരളീയസമൂഹത്തിന്റെ കരുത്തും കാന്തിയുമാണ് കൂട്ടുകൃഷിയിൽ തിളച്ചുമറിയുന്നത്. ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന ശ്രീനാരായണഗുരുവിന്റെ ആശയങ്ങളും കൃഷിഭൂമി കർഷകന് എന്ന കർഷകപ്രസ്ഥാനത്തിന്റെ മുദ്രാവാക്യങ്ങളും വേർതിരിച്ചറിയാനാവാത്തവിധം ഈ നാടകത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നു. 1921-ലെ മലബാർ കലാപത്തിന്റെ നേരനുഭവത്തിന്റേയും 1947-ലെ ഇന്ത്യാ-പാക് വിഭജനത്തിന്റെയും അലകളുടെയും ഇടയിൽ നിന്നാണ് ഇടശ്ശേരി കൂട്ടുകൃഷി എഴുതിയത്. ജീവിക്കണമെങ്കിൽ ഇന്നും നാം സമരം ചെയ്യണമെന്ന കരുത്താർന്ന ജീവിതത്തിന്റെ കനലുകളാണ് നാടകത്തിലുടനീളം ജ്വലിക്കുന്നത്. ജന്മിത്തവും വർഗീയതയും മനുഷ്യജീവിതത്തെ വേട്ടയാടുംവിധം സൂക്ഷ്മവും സമഗ്രമായും അവതരിപ്പിക്കാൻ ഇടശ്ശേരിക്കു കഴിഞ്ഞിട്ടുണ്ട്. എല്ലാ മതങ്ങളിലും ജാതികളിലും പെട്ട ജന്മിമാർ സ്വന്തം സാമ്പത്തിക താത്പര്യങ്ങളും രാഷ്ട്രീയാധികാരങ്ങളും സംരക്ഷിക്കാൻ ഒന്നിച്ചുനിൽക്കുമ്പോൾ എന്തുകൊണ്ടാണ് കൃഷിക്കാരും തൊഴിലാളികളുമടങ്ങുന്ന പാവപ്പെട്ടവർ പരസ്പരം ജാതിയുടെയും മതത്തിന്റേയും പേരിൽ വെട്ടിയും കൊന്ന് ചോരപ്പുഴകളൊഴുക്കുന്നതെന്നാണ് കരൾ പിളർക്കുംവിധം ഇടശ്ശേരി വിളിച്ചു പറയുന്നത്. ജന്മിയായ ശ്രീധരൻ നായരും കുടിയാനായ അബൂബക്കറും അഭിപ്രായ വ്യത്യാസങ്ങൾ മറന്ന് യോജിച്ച് കൃഷി നടത്താനൊരുങ്ങുന്നു. വരമ്പുകൾ വെട്ടിമാറ്റി വെള്ളം പങ്കുവച്ച് ഒപ്പം ചേരാൻ കീഴ്ജാതിക്കാരനായ വേലുവും തയ്യാറായി. ജാതിയുടേയും വൈരാഗ്യത്തിന്റേയും തീ കത്തിച്ച് അവർക്കിടയിൽ കലഹമുണ്ടാക്കാൻ നിക്ഷിപ്ത താൽപര്യങ്ങളെ പ്രതിനിധീകരിക്കുന്ന പോക്കരും നമ്പ്യാരും ശ്രമം നടത്തിയെങ്കിലും പരാജയപ്പെടുന്നു എന്നു മാത്രമല്ല കൂട്ടുകൃഷിക്കായുള്ള ഒരുമയ്ക്കിടെ ശ്രീധരൻ നായരുടെ സഹോദരൻ സുകുമാരനും അബൂബക്കറുടെ മകൾ അയിഷയും അനുരാഗത്തിലാകുന്നു. ഈ നിഗൂഢമായ പ്രണയം ചർച്ചാ വിഷയമാവുകയും അതും ശുഭപരിസമാപ്തിയിലെത്തുമെന്ന് മറ്റുള്ളവർ വിശ്വസിക്കുകയും ചെയ്യുന്നു. ഇതാണ് ഇതിവൃത്തച്ചുരുക്കം[9]

'നാടകം രൂപപ്പെടുന്നത് കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലൂടെയും ക്രിയകളിലൂടെയുമാണ്. ' അബൂബക്കർ, ബാപ്പു, ആയിഷ, വേലു, ലക്ഷ്മിയമ്മ, ശ്രീധരൻ നായർ, സുകുമാരൻ, പാർവ്വതി, പോക്കർ, നമ്പ്യാര്, പറങ്ങോടൻ നായർ, വാരിയർ, ചക്കി, നീലി, ഉമ്മ, കുറുമ്പ, ആമീൻ തുടങ്ങി നാടകത്തിലെ വലുതും ചെറുതുമായ ഓരോ കഥാപാത്രത്തിന്റെയും സാന്നിധ്യവും സംഭാഷണവും മൗനവുമടക്കം സർവതിനേയും നാടക ശരീരത്തോട് ഔചിത്യപൂർവം കൂട്ടിച്ചേർക്കാൻ ഇടശ്ശേരിക്ക് കഴിഞ്ഞിട്ടുണ്ട്. കൂട്ടുകൃഷിക്ക് എൻ. വി കൃഷ്ണവാരിയരെഴുതിയ അവതാരിക കൂട്ടുകൃഷിയുടെ പ്രാധാന്യവും പ്രസക്തിയും ബോധ്യപ്പെടുത്താനേറെ സഹായകമാണ്. "കൂട്ടുകൃഷി തുടിക്കുന്ന നാടൻ ജീവിതത്തിൽ നിന്നു മുറിച്ചെടുത്ത ഒരു കഷണമാണ്. ഇബ്സൻ പറഞ്ഞ പോലെ ഇടശ്ശേരിക്കും താൻ അറിഞ്ഞിട്ടോ കേട്ടിട്ടോ ഉള്ള ചില വ്യക്തി


ISSN: 2582 - 2594

കളെയും അനുഭവിച്ചിട്ടോ കേട്ടിട്ടോ ഉള്ള ചില വസ്തുതകളേയും അരങ്ങത്തു കൊണ്ടുവന്ന് അവയെല്ലാം മുകളിൽ കവിതയുടേതായ ഒരന്തരീക്ഷം വീശുകയും അവയിലെല്ലാം ഒരാത്മാവിനെ ഉണർത്തുകയും മാത്രമേ ചെയ്തിട്ടുള്ളൂ. "ഗ്രാമീണമായ ഒരു സദസ്സിനെ മുന്നിൽക്കണ്ടുകൊണ്ട് ഗ്രാമീണമായ ഒരു സാമൂഹിക പ്രശ്നത്തെ നാട്ടിൻ പുറത്തിന്റെ ഭാഷയിൽ അതിന്റെ ഉടിപ്പുകൾ മുഴുവൻ ഉൾക്കൊണ്ടു രചിക്കുകയാണദ്ദേഹം ചെയ്തത്. ഒരു നാടൻ പാട്ടിന്റെ വ്യാ മുഗ്ദ മനോഹരമായ ലാളിത്യവും സൗന്ദര്യവും അതിനുണ്ടായിരുന്നു. ആ നാടകരചന - അതിന്റെ അവതരണം- 1950കൾക്കുശേഷം പ്രഖ്യാപിതമായിത്തീർന്ന മലബാർ കേന്ദ്ര കലാസമിതി പ്രവർത്തനത്തിന്റെ നാന്ദി ശ്ലോകമായി പരിണമിച്ചു."[10] ഈ നാടകത്തിലെ അവസാന രംഗത്തിലെ ഈ സംഭാഷണങ്ങൾ ശ്രദ്ധിക്കുക

ശ്രീധരൻ: ഈശ്വരാ അങ്ങയുടെ ഉദയം. ഞങ്ങളിട്ടിരുന്ന എടവരമ്പൊക്കെ ഞങ്ങൾ തന്നെ കൊത്തിയിട്ടു. ആ വരമ്പുകളാണ് കണ്ടത്തിൽ നീരൊഴുക്കില്ലാതാക്കിയത്. ഞങ്ങൾക്കിന്നത് മനസ്സിലായി ബാപ്പു: ശ്രീധരൻ നായരേ നിങ്ങൾ മതത്തിന്റെ എടവരമ്പു കൊത്തി നന്നായി കൊറച്ചൊക്കെ നീരൊഴുക്കം അവിടെയും ഉണ്ടാകും

പിന്നെയും ശ്രീധരൻ: നമുക്ക് കാക്കാം ക്ഷമയോടും ഒരുമയോടുംകൂടി നമുക്ക് കാക്കാം ഇന്നീ കൂട്ടുകൃഷിയിലുണ്ടായ സമൃദ്ധിപോലെ അടുത്ത പുകിലിൽ നാം സമൃദ്ധമായ ഒരു പുതിയ തലമുറയെ വിളയിക്കും. (സുകുമാരനും ആയിഷയും നെടുവീർപ്പിടുന്നു. അവരെ മറ്റുള്ളവർ ഒന്നിച്ചു നോക്കുന്നു. അവർ രണ്ടാളും തല താഴ്ത്തുന്നു.)

അബൂബക്കർ: (ആ യുവാവിനേയും മകളെയും മാറിമാറി നോക്കി ഭക്തിപൂർവം) പടച്ചവനേ ഇനി ഇതിനെന്താ വഴി? ഇനി ഇതിനെന്താ വഴി - നാടകം കണ്ടുമടങ്ങുന്ന ഓരോരുത്തരുടെയും തലയിൽ കുറെയേറെ നേരത്തേയ്ക്ക് ഈ മണി മുഴങ്ങിക്കൊണ്ടിരിക്കും. കൂട്ടുകൃഷി എന്ന നാടകം മുന്നോട്ടുവയ്ക്കുന്ന നവോത്ഥാന മൂല്യങ്ങളിലൂടെയാണ് നാടക ചരിത്രത്തിൽ ഈ കൃതി ഓർക്കപ്പെടുക.

സവിശേഷമായൊരു ചരിത്രമുഹൂർത്തത്തിന്റെ സൃഷ്ടിയാണ് നമ്മളൊന്ന്. നമ്മളൊന്ന് എഴുതാനുണ്ടായ സാഹചര്യം ചെറുകാട് ജീവിതപ്പാതയിൽ വിവരിക്കുന്നുണ്ട്. "ഈ കാലഘട്ടത്തിലാണ് കമ്യൂണിസ്റ്റ് പാർട്ടി ദേശാഭിമാനി ഫണ്ടുപിരിക്കുവാൻ ആഹ്വാനം നൽകിയത്. മലബാറിന്റെ പല ഭാഗങ്ങളിലും ദേശാഭിമാനി മേളകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. മേളകളിൽ അവതരിപ്പിക്കാൻ ഒരു നാടകം വേണമെന്ന് പുലാമന്തോൾ സഖാക്കൾക്ക് മോഹമുണ്ടായി. ഞാൻ ഒരു നാടകമെഴുതണമെന്ന് അവർ നിർബന്ധിച്ചു. ഞാൻ എഴുതാൻ ഏല്ക്കുകയും ചെയ്തു. ശ്രമിച്ചു നോക്കി ഒന്നുരണ്ടെണ്ണമെഴുതി പരാജയപ്പെട്ടു."[11] പതിമൂന്ന് രംഗങ്ങളുള്ള ഒരു നാടകമാണിത്. ഒരു ജന്മിയും അയാളുടെ കാര്യസ്ഥനും ജന്മിയുടെ പാട്ടക്കുടിയാൻ അവറാൻ. അയാളുടെ മക്കൾ - ഒരാണും രണ്ടു പെണ്ണും ജന്മിയുടെ പരിചാരകൻ പങ്ങൻ നായരും അയാളുടെ ഭാര്യയും മകനും. ഇത്രയും പേരാണ് കഥാപാത്രങ്ങൾ. പങ്ങൻ നായർ തന്റെ അയൽവാസി അവറാന്റെ കൈവശമുള്ള പാട്ടഭൂമി ജന്മിയോട് ഏഷണി കൂട്ടി സ്വന്തം പേരിലാക്കുന്നു. അവറാന്റെ മകൻ മുഹമ്മദും പങ്ങൻ നായരുടെ മകൻ ശങ്കുണ്ണിയും കർഷക സംഘം പ്രവർത്തകരാണ് ഇതിനിടയ്ക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പു വരുന്നു. ജന്മി നമ്പൂതിരിപ്പാടും അവറാനുമാണ് സ്ഥാനാർത്ഥികൾ. തെരഞ്ഞെടുപ്പിൽ അവറാൻ ജയിക്കുന്നു. പങ്ങൻ നായരും മകനും തനിക്കെതിരായി പ്രവർത്തിച്ചു എന്നു ധരിച്ച ജന്മി പങ്ങൻ നായരിൽ നിന്നു

ഭൂമി ഒഴിപ്പിച്ചെടുക്കുന്നു. പക്ഷെ മുഹമ്മദും ശങ്കുണ്ണിയും ഒഴിപ്പിക്കലിനെ എതിർക്കുന്നു. അവർ ജന്മിയേയും കാര്യസ്ഥനേയും എതിരിടാൻ പങ്ങൻ നായരേയും കാളി അമ്മയേയും സജ്ജരാക്കുന്നു. ജന്മിയുടെ കാര്യസ്ഥൻ ഭൂമിയിൽ കന്നുപൂട്ടാൻ വന്നപ്പോൾ എല്ലാവരും കൂടി സംഘടിതമായി ചെറുത്തുനില്ക്കുന്നു. വർഗസമരത്തിൽ അവറാനും പങ്ങൻ നായരും കൂടി ചേരുന്നു. കാര്യസ്ഥനും സംഘവും പിൻവാങ്ങുന്നു. അങ്ങനെ കർഷകന്റെ അവകാശം സ്ഥാപിക്കപ്പെടുന്നു. ജന്മിത്വത്തെ എതിർക്കുന്ന കാര്യത്തിൽ നമ്മളൊന്ന് എന്നവർ പ്രഖ്യാപിക്കുന്നതോടെ നാടകം അവസാനിക്കുന്നു.

നമ്മളൊന്നിലേത് ഒരു സങ്കൽപ്പകഥയൊന്നുമല്ല. അവറാനും പങ്ങൻ നായരുമൊക്കെ യഥാർത്ഥ കഥാപാത്രങ്ങളായിരുന്നു എന്നല്ല അർത്ഥമാക്കുന്നത്. അതുപോലെ കുറെ അവറാന്മാരും പങ്ങൻ നായർമാരും നമ്പൂതിരിപ്പാടന്മാരും ഒക്കെ ജീവിച്ചിരുന്ന സമൂഹത്തിൽ നിന്ന് മുറിച്ചെടുത്ത ഒരു നടുമുറിയാണ് രംഗത്ത് പ്രദർശിപ്പിക്കുന്നത്. നാടകത്തെ സാമൂഹ്യ ജീവിതത്തിന്റെ ഭാഗമായി ആവിഷ്കരിച്ചുകൊണ്ട് എഴുത്തുകാരന്റെ പ്രതിബദ്ധതയാണ് ചെറുകാട് നമ്മളൊന്നിന്റെ രചനയിലൂടെ നിർവഹിച്ചത്.

കേരളത്തിന്റെ പുരോഗമന സാംസ്കാരിക ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ പേരാണ് കേരള പീപ്പിൾസ് ആട്സ് ക്ലബ്ബ് അഥവാ കെ.പി.എ.സി. 1952-ലാണ് നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി എന്ന നാടകം അവതരിപ്പിക്കുന്നത്. ഈ നാടകം ഒരു നാടകം മാത്രമായിരുന്നില്ല അത് ചരിത്രസൃഷ്ടിയായ കലാരൂപവുമാണ്. 1948-കളിൽ ആരംഭിച്ച് ഏതാണ്ട് അൻപതുകളുടെ ആദ്യപകുതി വരെ നീണ്ടു നിന്ന കമ്മ്യൂണിസ്റ്റു വേട്ടയുടെയും ജന്മിത്വ ചൂഷണത്തിന്റെയും പശ്ചാത്തലത്തിൽ തിരുവിതാംകൂറിൽ വിശേഷിച്ച് മധ്യതിരുവിതാംകൂറിൽ ഉടലെടുത്ത കർഷകത്തൊഴിലാളികളുടെയും ഇടത്തരം കൃഷിക്കാരുടെയും പ്രസ്ഥാനത്തിന്റെ ചെറുത്തുനില്പിന്റേയും ഉയിർത്തെഴുന്നേൽപ്പിന്റെയും വീരഗാഥയാണ് നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകം. ശൂരനാട് സംഭവത്തിൽ പ്രതി ചേർക്കപ്പെട്ട് ഒളിവിലായിരുന്ന കാലത്ത് സോമൻ എന്ന തൂലികാനാമത്തിലാണ് ഈ നാടകം എഴുതിയത്. "ശൂരനാട്ടു കേസിന്റെ നടത്തിപ്പിനു പണം പിരിക്കാൻ അച്ചടിച്ചു വിൽക്കാനാണ് ആദ്യം പ്ലാനിട്ടതെങ്കിലും കെ.പി.എ.സി അത് നാടാകെ അവതരിപ്പിക്കാൻ തീരുമാനിക്കുകയായിരുന്നു. 1952 ഡിസംബർ ആറിന് ചവറ തട്ടാശ്ശേരി സുദർശന തീയേറ്ററിൽ കഥാകൃത്ത് ഡി. എം പൊറ്റെക്കാട് ആണ് നാടകത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്."[12] ഈ നാടകത്തിന്റെ രംഗാവതരണത്തിലെ മുഖ്യ സഹായിയും ഗാനരചയിതാവുമായ പ്രിയ കവി ഒ.എൻ.വി ആ സംഭവത്തെ ഇങ്ങനെ അയവിറക്കുന്നു. "നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കിയുടെ കർത്താവായ തോപ്പിൽ ഭാസി തടവറയിൽ കഴിയുമ്പോഴാണ് എന്റെ ഗ്രാമത്തിലെ- ചവറയിലെ- ഒരു നാടൻ ഓലക്കൊട്ടകയിൽ ആ നാടകം ഉദ്ഘാടനം ചെയ്യപ്പെട്ടത്. അത്രയൊന്നും പ്രതീക്ഷയില്ലാത്ത തെല്ലൊരുദാസീന ഭാവത്തിൽ വന്നിരിക്കുന്ന സദസ്സിനു മുന്നിൽ നാടകം പൂർത്തിയാക്കുവാൻ നിയമപാലകർ അനുവദിക്കുമോ എന്ന ആശങ്ക നിറഞ്ഞ അന്തരീക്ഷത്തിൽ കാമ്പിശ്ശേരി കരുണാകരന്റെ പരമു പിള്ളയും ജനാർദ്ദന കുറിപ്പിന്റെ ജന്മി കേശവൻ നായരും ഒ. മാധവന്റെ പപ്പുവും പിന്നെ സന്ധ്യാനാമം ചൊല്ലുന്ന കുസൃതിപ്പെൺകിടാവും മണ്ണിന്റെ മുത്തായ മാലയും പാടുന്ന സുമയും എല്ലാം ചേർന്ന് ആ നാടകം ഒരു വീരഗാഥയായി ഒഴുകിപ്പരന്നതും അതിന്റെ പരിണാമരമണീയമായ മുഹൂർത്തത്തിൽ പരമു പിള്ള "എനിക്കൊന്നുയർത്തിപ്പിടിക്കണം" എന്നു പറഞ്ഞ് ആ കൊടിയിൽ (ചെങ്കൊടി) കടന്നുപിടിച്ചപ്പോൾ സദസ്യർ മറ്റെന്തോ ആയി


ISSN: 2582 - 2594

പ്പോയതും ഇന്നലത്തെപ്പോലെ ഞാനോർക്കുന്നു. ആ നാടക സന്ധ്യ ഇന്നും എന്റെ മനസ്സിൽ അലിയാതെ നിലനില്ക്കുന്നു."[13]

പതിന്നാലു രംഗങ്ങളും പതിനൊന്നു കഥാപാത്രങ്ങളും ഉള്ള ഒരു നാടകമാണ് നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി. തകർന്നുകൊണ്ടിരിക്കുന്ന ഇടത്തരം നായർത്തറവാട്ടുകളെ പ്രതിനിധാനം ചെയ്യുന്ന പരമുപിള്ള, അദ്ദേഹത്തിന്റെ ഭാര്യ കല്യാണിയമ്മ, കമ്മ്യൂണിസ്റ്റു നേതാവും കർഷക സംഘം സംഘാടകനുമായ ഗോപാലൻ കൂലിവേലക്കാരനായ പപ്പു, കമ്മ്യൂണിസ്റ്റു പാർട്ടി നേതാവായ മാത്യു, കർഷകത്തൊഴിലാളിയായ കറുമ്പൻ, കറുമ്പന്റെ മകൾ മാല, വലിയ വീട്ടിൽ കേശവൻ നായർ എന്ന ജന്മി, അദ്ദേഹത്തിന്റെ സേവകനായ വേലുശ്ശാർ, തന്റെ അച്ഛന്റെ എല്ലാ ദുഷ്ചെയ്തികളോടും എതിർപ്പുകാട്ടുന്ന കേശവൻ നായരുടെ മകൾ സുമം എന്നിവരാണ് കമ്മ്യൂണിസ്റ്റാക്കിയതിലെ കഥാപാത്രങ്ങൾ.

ആദ്യരംഗത്ത് തന്റെ ജീവിതദൈന്യങ്ങളിൽ പെട്ടുഴന്ന് തകർന്നുകൊണ്ടിരിക്കുന്ന തറവാടിന്റെ ഉമ്മറത്തിരിക്കുന്ന കാരണവരായ പരമു പിള്ള. നാടകാന്ത്യത്തിൽ (പതിന്നാലാം രംഗം) അധ്വാനിക്കുന്ന ജനകോടികളുടെ രക്ഷയായ ചെങ്കൊടി ആവേശത്തോടെ ഏറ്റു വാങ്ങുന്നു.

"ആ കൊടിയിങ്ങു താ മോളേ ഇതൊന്നെനിക്കു പിടിക്കണം" (രണ്ടു കൈകളും മാലയോടു കൊടി വാങ്ങി പിടിച്ചുകൊണ്ട്) ഇതൊന്നെനിക്കു പിടിക്കണം ഇതൊന്നെനിക്കു പൊക്കിപ്പിടിക്കണം എന്ന് ഉറക്കെപ്പറഞ്ഞുകൊണ്ടാണ്. അദ്ദേഹത്തെ സ്വീകരിക്കാനാവട്ടെ പുറത്ത് ആർത്തിരമ്പുന്ന ഒരു ജനസഞ്ചയവും.

ഈ നാടകത്തിലെ പതിന്നാല് രംഗങ്ങളിലൂടെ മധ്യതിരുവിതാംകൂറിലെ ജന്മി-കുടിയാൻ ഏറ്റുമുട്ടലും ജന്മിത്വത്തിന്റെ തകർച്ചയും ഇടത്തരക്കാരുടെ അധ്വാനപക്ഷത്തോടുള്ള ആഭിമുഖ്യവും വിപ്ലവത്തിനനുകൂലമായ മനംമാറ്റവും കർഷക-കർഷകത്തൊഴിലാളി പ്രക്ഷോഭങ്ങളുടെ മുന്നേറ്റവുമൊക്കെ സൂക്ഷ്മമായി ആവിഷ്കരിക്കാൻ തോപ്പിൽ ഭാസിയ്ക്കു കഴിഞ്ഞു. "മലയാളക്കരയിൽ ആദ്യമായി ചെങ്കൊടിയേന്തിയ നാടകമാണ് നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കിയെങ്കിൽ രക്തസാക്ഷികൾക്കു സമർപ്പിച്ച പ്രഥമ ഗ്രന്ഥവും ഇതുതന്നെയാണെന്നു തോന്നുന്നു. ഏതായാലും തന്റെ കഥാപാത്രങ്ങൾക്കൊപ്പം ജീവിക്കുകയും അവർക്കൊപ്പം പോരാട്ടത്തിലേർപ്പെടുകയും ഒളിവിൽ പോവുകയും അന്തർ സംഘർഷങ്ങളുടെ ആ നാളുകളിൽ രചിക്കപ്പെടുകയും ചെയ്ത മറ്റൊരു നാടകവും മലയാള നാടക ചരിത്രത്തിലില്ല."[14] നമ്മുടെ ചരിത്രത്തേയും സാമൂഹ്യ സാംസ്കാരിക ധാരകളെയും കലാപരമായി സമന്വയിപ്പിച്ച് പരിവർത്തനത്തിന്റെ ദിശ ചൂണ്ടിക്കാട്ടിയ നാടകകൃത്തായിരുന്നു അദ്ദേഹം. നാടകത്തിലെ നായകനായ പരമുപിള്ള ധനാഢ്യമായൊരു ഭൂതകാല സ്മരണയുടെ ചുവടുപിടിച്ചാണ് വർത്തമാനകാലത്തെ വിലയിരുത്തുന്നത്. പരസ്പരം പൊരുത്തപ്പെടാത്ത ഭൂതകാലസമ്പന്നതയും വർത്തമാനകാല ദാരിദ്ര്യവും പരമു പിള്ളയെ നിസ്സഹായനാക്കുന്നുവെങ്കിലും അയാൾ വഴങ്ങുന്നില്ല, വിപ്ലവകാരിയും കർഷകനേതാവുമായ മകൻ ഗോപാലനെ അനുസരിപ്പിക്കാൻ പണിപ്പെടുന്നു. ജന്മിയായ കേശവൻ നായരുടെ ചൂഷണവും പീഡനവും വകവെക്കാതെ മകൾ സുമം ഗോപാലനെ പ്രേമിക്കുന്നു. ഗോപാലൻ കൂടി ജന്മിയുടെ അക്രമത്തിന് വിധേയനായപ്പോൾ തന്റെയും സമൂഹത്തിന്റെയും വിമോചനത്തിനായി പരമു പിള്ള ചെങ്കൊടിയേന്തുന്നു. ഈ ബാഹ്യഘടനയെ അതിശക്തവും ആഴമുള്ളതുമായ പുരോഗമനേച്ഛകൊണ്ട് ബലപ്പെടുത്തിയിരിക്കുന്നു. ചെറുത്തുനില്പിന്റെ ജന്മിത്തത്തിന്റെ ചങ്ങല പൊട്ടിച്ചു കുതിച്ചുചാടുന്നതിന്റെ വീരഗാഥയാണീ നാടകം[15] മറ്റൊരു നാടകത്തിനും ലഭിക്കാത്ത സ്വീകരണവും എതിർപ്പും നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി പിറവി മുതൽ നേടിയിട്ടുണ്ട്.

"നാടിന്റെ ചരിത്രത്തെ ഉഴുതുമറിച്ച ഇതുപോലൊരു നാടക ശില്പം ഇതിനു മുൻപോ പിൻപോ മലയാളത്തിൽ ഉണ്ടായിട്ടില്ല. ഇനിയും ഉണ്ടാകുമെന്നും തോന്നുന്നില്ല"[16]

ജ്ജ് നല്ലൊരു മന്സനാകാൻ നോക്ക് (1954)എന്ന ഒറ്റ നാടകം കൊണ്ട് തന്നെ മലയാള നാടക ചരിത്രത്തിൽ ഇടം നേടിയ നാടകകൃത്താണ് ഇ. കെ അയമു. മലബാറിന്റെ ജീവിത സംസ്കൃതിയെ ശക്തമായി ആവിഷ്ക്കരിച്ച നാടകമായിരുന്നു ഇത്. മതനിരപേക്ഷ മനുഷ്യ മനഃസാക്ഷിയുടെ തീക്ഷ്ണഭാവങ്ങൾ ഉൾക്കൊള്ളുന്ന ഈ ഒരൊറ്റ നാടകം കൊണ്ടു തന്നെ അദ്ദേഹം മലയാള നാടക ചരിത്രത്തിൽ ഇടം നേടി. മൂലധനം സൃഷ്ടിക്കുന്ന വ്യാമോഹത്തിനും മതമൗലികവാദ പ്രവണതയ്ക്കുമെതിരെ ആഞ്ഞടിച്ച ഈ ശക്തമായ നാടകം ഉണർത്തിവിട്ട പുതുഭാവുകത്വം പിൽക്കാല നാടകങ്ങളെ ആഴത്തിൽ സ്വാധീനിച്ചു.

മുസ്ലിം സമുദായത്തിലെ ജീർണ്ണതകളെയും പണക്കാരുടെ താത്പര്യങ്ങൾക്കനുസരിച്ച് തുള്ളുന്ന പൗരോഹിത്യത്തെയും നിശിതവിമർശനത്തിനു വിധേയമാക്കുന്ന ഈ നാടകം. ഇ.കെ അയമുവിന്റെയും ഡോ. ഉസ്മാന്റെയും നേതൃത്വത്തിൽ രൂപംകൊണ്ട നിലമ്പൂർ യുവജന കലാസമിതിയാണ് ഈ നാടകം അവതരിപ്പിച്ചത്. തൊള്ളായിരത്തി അമ്പതുകളുടെ തുടക്കത്തിൽ നിലമ്പൂർ ആയിഷയെന്ന മുസ്ലിം യുവതി നാടകാഭിനയരംഗത്തേക്ക് വരാൻ ധൈര്യപ്പെട്ടത് ഒരു വിപ്ലവം തന്നെയായിരുന്നു. യാഥാസ്ഥിതികരെ അത് വല്ലാതെ പരിഭ്രമിപ്പിച്ചു. കലാരംഗത്തേക്ക് വന്നതിന്റെ പേരിൽ കേരളത്തിൽ ഒരു കലാകാരിക്കും അതിനു മുമ്പോ പിമ്പോ അനുഭവിക്കേണ്ടി വന്നിട്ടില്ലാത്ത തരത്തിൽപ്പെട്ട എതിർപ്പുകളും ആക്രമണങ്ങളുമാണ് നിലമ്പൂർ ആയിഷക്ക് നേരിടേണ്ടിവന്നത്. വലിയ പ്രതിഷേധങ്ങളും വധശ്രമം വരെയുണ്ടായി. പക്ഷെ അവർ ധീരമായി കലാരംഗത്ത് നിന്നു. ഇപ്പോഴും തുടരുന്നു.

ജ്ജ് മന്സനാവാൻ നോക്ക് എന്ന നാടകം മുസ്ലിം സമുദായപരിഷ്ക്കരണവും സാമൂഹ്യ നവോത്ഥാനവും ലക്ഷ്യം വച്ചു കൊണ്ടെഴുതിയ സോദ്ദേശ്യ നാടകമായിരുന്നു. അതോടൊപ്പം മലബാറിലെ ജന്മി-കുടിയാൻ വ്യവസ്ഥക്കെതിരെയുള്ള ചെറുത്തുനില്പും കമ്മ്യൂണിസ്റ്റു പാർട്ടിക്കെതിരെയും കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർക്കെതിരെയും നടന്ന യാഥാസ്ഥിതിക പിന്തിരിപ്പൻ ശക്തികളെ തുറന്നുകാട്ടാനും ഈ നാടകത്തിനു കഴിഞ്ഞു. പണക്കാരായ മുസ്ലിം പ്രമാണിമാർ പാവപ്പെട്ട കർഷകരെ പീഡിപ്പിക്കുന്നതും ഈ നാടകത്തിൽ ചർച്ച ചെയ്യുന്നു. മൊയ്തുവെന്ന മുസ്ലിം കർഷകൻ പ്രമാണിയായ ഹാജിയാരുടെ പാട്ടക്കുടിയാനാണ്. പിതാവായിട്ടു ഹാജിയാരുടെ കയ്യിലുണ്ടായിരുന്ന കാട്ടും മലയും കലർന്ന ഭൂമി ചോര നീരാക്കി കൃഷി ഭൂമിയാക്കിയാണ് അവിടെ വിളവിറക്കിയത്. അയാൾക്ക് രണ്ട് മക്കളാണ്. ആലിക്കുട്ടിയും മുഹമ്മദും. മൂത്ത മകൻ ആലിക്കുട്ടി മുസ്ലിം പരിഷ്ക്കരണവാദപ്രസ്ഥാനവുമായി ചേർന്ന് തീവ്രനിലപാടുമായിപ്പോകുന്നു. അയാൾ മൗലവിയുടേയും അബ്ദുൾ റഹിമാൻ മുതലാളിയുടെയും സ്വാധീനത്തിൽപ്പെട്ടു. കമ്യൂണിസ്റ്റ് വിരുദ്ധതയാണ് അവരുടെ കൈമുതൽ. ജമീലയെന്ന നാട്ടിൻ പുറത്തുകാരിയായ, ശുദ്ധഗതിക്കാരിയാണ് ആലിക്കുട്ടിയുടെ ഭാര്യ.

ഇളയ മകൻ മുഹമ്മദ് ചുറുചുറുക്കുള്ള ഒരു ചെറുപ്പക്കാരനും കമ്മ്യൂണിസ്റ്റ് രാഷ്ട്രീയ പ്രവർത്തകനുമാണ്. തികഞ്ഞ ഒരു യാഥാസ്ഥിതികനും ജനദ്രോഹിയുമായ ഒരു ജന്മിയുമാണ് ഹാജിയാർ. ആയിഷയെന്ന ഹാജിയാരുടെ ഭാര്യ പുറം ലോകവുമായി യാതൊരു ബന്ധവുമില്ലാതെ ഇരുണ്ട അടുക്കളയിൽ കഴിയുന്ന പാവം സ്ത്രീയാണ്, ഹാജിയാരുടെ ഏക പുത്രൻ വിദ്യാർത്ഥിയും പുരോഗമനേച്ഛുവുമായ മോയിൻകുട്ടിയാണ്, മുഹമ്മദിന്റെ സംസർഗം കൊണ്ട് വർത്തമാനകാല വ്യവസ്ഥകളുടെ ജീർണ്ണതകളെ ചോദ്യം ചെയ്യുന്നു. തലച്ചോറും നട്ടെല്ലും നാട്ടുവാഴിത്തത്തിനു


ISSN: 2582 - 2594

പണയം വച്ച കഴിയുന്ന ഒരു നിശബ്ദ ജീവിയാണ് മുസലിയാർ. പൗരോഹിത്യത്തിന്റെ താൻ പ്രമാണിത്തംകൊണ്ട് കാപട്യം നിറഞ്ഞ ഒരു വിരുദ്ധനം നീചനമാണ് മൗലവി. വിരലുകൾ അഞ്ചും അഞ്ചു വലിപ്പത്തിലായതു കൊണ്ട് സമത്വമൊരിക്കലും ഈ ലോകത്തുണ്ടാവില്ല എന്ന യാൾ വിശ്വസിക്കുന്നു. പുരോഗമനത്തിന്റെ മൂടുപടം ധരിച്ച ഒരു നവീന ചൂഷകനമായഅബ്ദുറഹി മാൻ മുതലാളി, ബീഡിക്കമ്പനി നടത്തി ധനികനായി. മുതലാളിയുടെ പഠിപ്പും വിവേകവുമുള്ള ഏകപുത്രിയായ സാബിറയുമാണ് ഈ നാടകത്തിലെ കഥാപാത്രങ്ങളായിട്ടുള്ളത്. കിഴക്കനേറ നാട്ടിൽ നടക്കുന്ന ജന്മിത്ത വിരുദ്ധ പോരാട്ടങ്ങളും മുസ്ലിം സമുദായത്തിലെ യാഥാസ്ഥിതിക പൗരോഹിത്യത്തിനെതിരെയുള്ള സമരങ്ങളുമൊക്കെ ഈ നാടകത്തിന്റെ പശ്ചാത്തലമാകുന്നുണ്ട്. കമ്മ്യൂണിസം നാട്ടിൽ വരില്ല അതിന് തന്നെപ്പോലുള്ളവർ സമ്മതിക്കില്ല എന്ന വീമ്പിളക്കുന്ന മൗലവിയും പച്ചപ്പരിഷ്ക്കാരിയെന്നും പുതുമടിശ്ശീലക്കാരനായ മുതലാളിയും ജന്മിയായ ഹാജിയാരും കമ്മ്യൂണിസത്തേയും എതിർക്കുന്നതിൽ ഒറ്റക്കെട്ടാണ്. മുഹമ്മദാണ് നാട്ടിൽ പുരോഗമനം പ്രചരിപ്പിക്കുന്നതെന്നും അത് മതവിരുദ്ധമാണെന്നും സഹോദരനായ ആലിക്കുട്ടിയെ ബോധിപ്പിക്കുന്നു. ആലിക്കുട്ടിയെ വഹാബിയാക്കുകയും മൊയ്തുവിന്റെ കുടുംബത്തിൽ നിന്ന് ഭിന്നിപ്പിച്ച നിർത്തുവാനും ഇവർ ശ്രമിക്കുന്നു. ഹാജിയാരുടെ മകനായ മൊയിൻകുട്ടിയെ വഴിപിഴപ്പിക്കുന്നത് മുഹമ്മദാണെന്ന ഹാജിയാരെ ധരിപ്പിക്കുന്ന മൗലവി, നാട്ടിൽ പാട്ടഭൂമി കേസുകളെല്ലാം കൊടുപ്പിക്കുന്നതിൽ മുഹമ്മദിന്ന പങ്ക് ഉണ്ടെന്ന പറഞ്ഞുകൊടുക്കുന്നു. മൊയ്തുവിൽ നിന്ന് പാട്ടഭൂമി തിരികെ വാങ്ങണമെന്നും മൗലവി ഹാജിയാരോടു പറയുന്നു. എന്നാൽ മൊയ്തുവിനോട് ഇത് പറയാൻവരുന്ന ഹാജിയാരെ മുഹമ്മദ് നേരിടുന്നു. മാറിയ കാലത്ത് കൃഷിഭൂമി കർഷകനാണ് എന്ന വസ്തുത മനസ്സിലാക്കിക്കൊടുക്കുന്നു. തങ്ങളുടെ പദ്ധതി പൊളിഞ്ഞതു മനസ്സിലാക്കിയ മൗലവി മുഹമ്മദിനെയും ആലിക്കുട്ടിയുടെ ഭാര്യ ജമീലയേയും ചേർത്ത് അവിഹിതബന്ധത്തിന്റെ കഥ പ്രചരിപ്പിക്കുന്നു. എന്നാൽ ഈ വിവരം നേരത്തേ മനസ്സിലാക്കുന്ന മുതലാളിയുടെ മകൾ സാബിറ വിവരം കത്ത് മുഖേന മുഹമ്മദിനെ അറിയിക്കുന്നു. അപ്പോഴേക്കും മുഹമ്മദ് ആലിക്കുട്ടിയുടെ വീട്ടിലെത്തി. തെറ്റിദ്ധരിച്ച ആലിക്കുട്ടി അനുജനെ മർദ്ദിക്കുവാൻ ശ്രമിക്കുന്നു. ഇത് തടഞ്ഞ വാപ്പയായ മൊയ്തുവും മോയിൻകുട്ടിയും നടന്ന സത്യാവസ്ഥ അറിയിക്കുന്നു.

ഈ സമയം ആലിക്കുട്ടിയെ അന്വേഷിച്ച വന്ന മൗലവിയെ കയ്യോടെ പിടിക്കുന്നു. കള്ളി വെളിച്ചത്തായപ്പോൾ ആലിക്കുട്ടിയും മൗലവിക്കെതിരെ തിരിയുന്നു. അപ്പോൾ മൊയ്തു പറയുന്ന വാക്കുകളാണ് ജ്ജ് നല്ല മന്സനാകാൻ നോക്ക് എന്ന്, നാടകത്തിലെ ഇതിവൃത്തത്തിന്റെ ചുരുക്കമിതാണ്.

മനുഷ്യത്വവും മാനവികതയും രൂപപ്പെട്ട നവോത്ഥാന കാലത്തിന്റെ വൈഖരിയാണ് നല്ല മനുഷ്യനാവുക, മതനിരപേക്ഷതയുടെ വക്താവായിത്തീരുകയെന്നത്. വർത്തമാനകാലത്തും ഏറ്റവും പ്രസക്തമായ ചിന്തയാണ് ഇ.കെ അയമു ഈ നാടകത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്. നാടകങ്ങളിലൂടെ ആവിഷ്ക്കരിക്കാൻ ശ്രമിച്ച തന്റെ അനാചാരങ്ങളോടുള്ള എതിർപ്പും നിസ്വവർഗ പക്ഷപാതിത്വവും ജീവിതത്തിലും പ്രാവർത്തികമാക്കാൻ ആത്മാർത്ഥമായി ശ്രമിച്ചിരുന്ന ആളായിരുന്നു ഇ.കെ അയമു. നാൽപത്തിയൊന്നാം വയസ്സിൽ അകാലത്തിൽ മരിച്ചില്ലായിരുന്നെങ്കിൽ നമ്മുടെ നാടകലോകത്തിന് കൂടുതൽ സംഭാവന ആ പ്രതിഭയിൽ നിന്ന് ലഭിച്ചേനെ.[17]

കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലത്തിൽ ശക്തമായ സ്വാധീനം ചെലുത്തിയ

ചില നാടകങ്ങളെ മാത്രമാണ് ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കിയത്. ഇവ കൂടാതെ തകഴിയുടെ തോറ്റില്ല (1940), പൊൻകുന്നം വർക്കിയുടെ ജേതാക്കൾ (1946), കേശവദേവിന്റെ മുന്നോട്ട് (1947), കെ.ടി. മുഹമ്മദിന്റെ കറവറ്റ പശു (1950), ഇത് ഭൂമിയാണ് (1954) തുടങ്ങി അനേകം നാടകങ്ങൾ പ്രതിപാദിക്കേണ്ടതുണ്ട്.

ഈ നാടകങ്ങളെ ജനകീയമാക്കിയത്തിന്റെ പിന്നിൽ പ്രമേയതലത്തിൽ അവ പുലർത്തിയ സമകാലികതതന്നെയാണ് ഏറ്റവും പ്രധാനം. കേരളത്തിലെ കർഷക പ്രസ്ഥാനത്തിന്റെ വളർച്ചാഘട്ടത്തിൽ എഴുതപ്പെട്ട ഈ നാടകങ്ങൾ വർഗ്ഗസംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ മനുഷ്യബന്ധങ്ങളെ വിശകലനം ചെയ്തു. മറ്റൊരു പ്രധാനപ്പെട്ട കാര്യം നാടകത്തിലെ പ്രമേയങ്ങളോട് പ്രേക്ഷകർ / ജനങ്ങൾ വൈകാരികമായി പ്രതികരിച്ചു, ഇതുകൂടാതെ നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കിയെന്ന നാടകം മലയാള നാടകവേദിക്കു നൽകിയ ഏറ്റവും വലിയ സംഭാവന നാടകം എന്ന കലാരൂപത്തെ ജനകീയമാക്കിയെന്നതാണ്.

മലയാളത്തിലെ രാഷ്ട്രീയ നാടകങ്ങൾ എന്ന പ്രബന്ധത്തിൽ സി. ജെ തോമസ് പറയുന്നതുപോലെ "പൊതുവെ പറഞ്ഞാൽ മലയാള ഭാഷയിലെ രാഷ്ട്രീയ നാടകങ്ങൾ കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തെപ്രതിഫലിപ്പിക്കുന്നുണ്ട്. നമ്മുടെ രാജ്യത്തെ രാഷ്ട്രീയ ചിന്താഗതികളിലെ തെറ്റും ശരിയും വൈരുദ്ധ്യങ്ങളും എല്ലാം അവയിൽ അറിഞ്ഞോ അറിയാതെ പ്രകടമായി ക്കാണാം."[18] നാടകത്തെ സമൂഹപരിഷ്കരണത്തിന്റെ മാധ്യമമായും നാടകപ്രവർത്തനത്തെ രാഷ്ട്രീയ സാമൂഹ്യപ്രവർത്തനത്തിന്റേയും ഭാഗമായി കണ്ടിരുന്ന ഒരു തലമുറയുടെ ജീവിത സത്യവും സൗന്ദര്യവും ഒത്തിണങ്ങിയപ്പോൾ പിറന്ന കലാസൃഷ്ടികളാണ് മലയാളത്തിലെ മികച്ച രാഷ്ട്രീയ നാടകങ്ങളെല്ലാം എന്ന നിഗമനത്തിലേക്കെത്താം.

**കുറിപ്പുകൾ**

1. ഗോപാലകൃഷ്ണൻ പി.കെ, പുരോഗമന സാഹിത്യ പ്രസ്ഥാനം നിഴലും വെളിച്ചവും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2000, പുറം 35, 36
2. ശങ്കരപ്പിള്ള. ജി., മലയാള നാടക സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1987, പുറം. 63
3. ഭട്ടതിരിപ്പാട് വി.ടി, അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, ഡി.സി ബുക്സ്, കോട്ടയം, 2008, പുറം 8
4. ഡോ. വാസുദേവൻ പിള്ള വയലാ, മലയാള നാടക സാഹിത്യ ചരിത്രം 2005, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2006, പുറം 51
5. സേതുമാധവൻ ആനപ്പായ, ചെറുകാടിന്റെ തട്ടകം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2002, പുറം 21
6. ഡോ. ഗ്രാമപ്രകാശ് എൻ.ആർ, പ്രത്യയശാസ്ത്രവും നാടകവും, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2013, പുറം. 142
7. ശങ്കരപ്പിള്ള ജി, മലയാള നാടക സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1987, പുറം 65
8. ഡോ. തോമസ് കുട്ടി എൽ., മലയാള നാടകരംഗം പ്രമാണവും പ്രയോഗവും, ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്, 2018, പുറം 47
9. ഡോ. ഗ്രാമപ്രകാശ് എൻ.ആർ, നാടകം പാഠവും പ്രയോഗവും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2009, പുറം 88, 89

 ISSN: 2582 - 2594

10. ശങ്കരപ്പിള്ള ജി., മലയാള നാടക സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1987, പുറം 98, 99
11. സേതുമാധവൻ ആനപ്പായ, ചെറുകാടിന്റെ തട്ടകം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2002, പുറം. 29
12. ബാലകൃഷ്ണൻ കെ, കമ്യൂണിസ്റ്റ് കേരളം, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്, 2022, പുറം 166, 167
13. മുരളി പിരപ്പൻകോട്, നാടക പഠനങ്ങൾ (എഡി: പ്രൊഫ. പന്മന രാമചന്ദ്രൻ നായർ) പി. കെ പരമേശ്വരൻ നായർ സ്മാരക ഗ്രന്ഥാവലി, കറന്റ് ബുക്സ്, കോട്ടയം, 2013, പുറം. 132
14. ഡോ. മോഹൻ ദാസ് വള്ളിക്കാവ്, കെ.പി.എ.സിയുടെ ചരിത്രം, സാഹിത്യ പ്രവർത്തക സഹ കരണസംഘം, കോട്ടയം, 2016, പുറം. 61
15. ഡോ. വാസുദേവൻ പിള്ള വയലാ, മലയാള നാടക സാഹിത്യ ചരിത്രം 2005, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2006, പുറം 73
16. മുരളി പിരപ്പൻകോട്, നാടക പഠനങ്ങൾ (എഡിറ്റർ: ഡോ. പന്മന രാമചന്ദ്രൻ നായർ) പി. കെ പരമേശ്വരൻ നായർ സ്മാരക ഗ്രന്ഥാവലി, കറന്റ് ബുക്സ്, കോട്ടയം, 2013, പുറം 135
17. ബഷീർ ചുങ്കത്തറ, മലപ്പുറത്തിന്റെ നാടക പ്രസ്ഥാനം, ഇൻസൈറ്റ് പബ്ലിക്ക, 2023, കോഴിക്കോട്, പുറം 121
18. തോമസ് സി.ജെ, ഉയരുന്ന യവനിക, മാളൂബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2007, പുറം 65.

**ആധാര ഗ്രന്ഥസൂചി:**


1. ഗോപാലകൃഷ്ണൻ പി. കെ, പുരോഗമന സാഹിത്യപ്രസ്ഥാനം നിഴലും വെളിച്ചവും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2000.
2. ഡോ. ഗ്രാമപ്രകാശ് എൻ. ആർ, നാടകം പാഠവും പ്രയോഗവും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2009
3. തോമസ് സി. ജെ, ഉയരുന്ന യവനിക, മാളൂബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2007.
4. ഡോ. തോമസ് കുട്ടി എൽ., മലയാള നാടകരംഗം പ്രമാണവും പ്രയോഗവും, ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്, 2018
5. ബഷീർ ചുങ്കത്തറ, മലപ്പുറത്തിന്റെ നാടക പ്രസ്ഥാനം, ഇൻസൈറ്റ് പബ്ലിക്ക, 2023, കോഴിക്കോട്,
6. ബാലകൃഷ്ണൻ കെ, കമ്യൂണിസ്റ്റ് കേരളം, മാതൃഭൂമിബുക്ക്സ്, കോഴിക്കോട്, 2022
7. ഭട്ടതിരിപ്പാട് വി. ടി, അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, ഡി. സി ബുക്സ്, കോട്ടയം, 2008
8. മുരളി പിരപ്പൻകോട്, നാടകപഠനങ്ങൾ (എഡി: പ്രൊഫ. പന്മന രാമചന്ദ്രൻ നായർ) പി. കെ പരമേശ്വരൻ നായർ സ്മാരക ഗ്രന്ഥാവലി, കറന്റ് ബുക്സ്, കോട്ടയം, 2013
9. ഡോ. മോഹൻ ദാസ് വള്ളിക്കാവ്, കെ.പി.എ.സിയുടെ ചരിത്രം, സാഹിത്യ പ്രവർത്തക സഹ കരണസംഘം, കോട്ടയം, 2016
10. ഡോ. വാസുദേവൻ പിള്ള വയലാ, മലയാള നാടക സാഹിത്യചരിത്രം 2005, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2006
11. ശങ്കരപ്പിള്ള ജി., മലയാള നാടക സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1987
12. സേതുമാധവൻ ആനപ്പായ, ചെറുകാടിന്റെ തട്ടകം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2002